# ഇന്ത്യ-ജപ്പാൻ ആക്റ്റ് ഇസ്റ്റ് ഫോറത്തിന്റെ ഏഴാമത് യോഗം

ഫെബ്രുവരി 19, 2024

ഇന്ത്യ-ജപ്പാൻ ആക്റ്റ് ഈസ്റ്റ് ഫോറത്തിന്റെ ഏഴാമത് യോഗം 2024 ഫെബ്രുവരി 19-ന് ന്യൂഡൽഹിയിൽ നടന്നു. യോഗത്തിൽ വിദേശകാര്യ സെക്രട്ടറി ശ്രീ. വിനയ് മോഹൻ ഖത്രയും ഇന്ത്യയിലെ ജപ്പാൻ അംബാസഡർ ശ്രീ. ഹിരോഷി സുസുക്കിയും അധ്യക്ഷത വഹിച്ചു. ബന്ധപ്പെട്ട കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളുടെയും നിർവഹണ സംഘടനകളുടെയും വടക്കുകിഴക്കൻ സംസ്ഥാന സർക്കാരുകളുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ജപ്പാൻ ഭാഗത്തു നിന്ന് ജാപ്പനീസ് എംബസിയുടെയും ഡൽഹിയിൽ സ്ഥിതി ചെയ്യുന്ന ജാപ്പനീസ് സർക്കാർ സ്ഥാപനങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്തു. 2017-ൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും അന്നത്തെ ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബെയും തമ്മിൽ നടന്ന കൂടിക്കാഴ്ചയെ തുടർന്ന് രൂപീകരിക്കപ്പെട്ട ആക്റ്റ് ഈസ്റ്റ് ഫോറത്തിന് രണ്ട് പ്രധാന ലക്ഷ്യങ്ങളാണുള്ളത് - (i) ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയുടെ വികസനം, (ii) ഈ മേഖലയ്ക്കുള്ളിലും മേഖലയ്ക്കും തെക്കു-കിഴക്ക് ഏഷ്യയ്ക്കും ഇടയിലും കണക്റ്റിവിറ്റി പ്രോത്സാഹിപ്പിക്കുക.

ആക്റ്റ് ഈസ്റ്റ് ഫോറത്തിന്റെ ഭാഗമായി, വക്കു കിഴക്ക് വഴിയുള്ള ഇന്ത്യയ്ക്കും ബംഗ്ലാദേശിനും ഇടയിലുള്ള വ്യാപാരവും ലോജിസ്റ്റിക്സും മെച്ചപ്പെടുത്തുന്നതിനുള്ള അതിർത്തി കടന്നുള്ള സർവേയുടെ പുരോഗതിയും, കണക്റ്റിവിറ്റി, പുതിയതും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജം, നഗര വികസനം, വന പരിപാലനം, നൈപുണ്യ വികസനം, കൃഷിയും മത്സ്യബന്ധനവും, ആരോഗ്യ പരിചരണം, ദുരന്തത്തെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിലെ ശേഷി വികസനം, കാർഷിക-വ്യവസായങ്ങൾ, ടൂറിസം, സാംസ്കാരിക വിനിമയം, ജാപ്പനീസ് ഭാഷാ പഠനം എന്നിവ ഉൾപ്പെടെ വിവിധ മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളും യോഗം അവലോകനം ചെയ്തു. സാധ്യമായ പുതിയ സഹകരണ മേഖലകളെ കുറിച്ചുള്ള കാഴ്ചപ്പാടുകളും പങ്കുവച്ചു.

**ന്യൂഡൽഹി**
**ഫെബ്രുവരി 19, 2024**